"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പിനു കീഴിലുള്ള കണ്ണൂർ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ് അക്കൗണ്ടന്റ് ആയ ശ്രീ. ജി.ആർ. മണികണ്ഠന്റെ കിലയിലെ ഹോസ്റ്റൽ മാനേജർ തസ്തികയിലെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.2404/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/10/2019

പരാമർശം:- 1 10.05.2013-ലെ സർക്കുലർ നമ്പർ. 42/2013/ധന.

2 28.11.2013-ലെ സ.ഉ. (പി) നം. 580/2013/ധന.

3 09.01.2018-ലെ (സാധാ) നം.224/2018/തസ്വഭവ.

4 ശ്രീ. ജി. ആർ. മണികണ്ഠൻ സമർപ്പിച്ച 12.12.18-ലെ നിവേദനം

5 ഗ്രാമവികസന കമ്മീഷണറുടെ 22.01.19-ലെ 567/എസ്റ്റാസി3/2019/സി.ആർ.ഡി. നമ്പർ കത്ത്.

6 കില ഡയറക്ടറുടെ 21.01.19 തീയതിയിലെ 3703/ഡി/2018/കില-സിഎച്ച്ആർഡി, 27.06.2019 തീയതിയിലെ 2018/101/3703/സിഎച്ച്ആർഡി എന്നീ നമ്പരിലെ കത്തുകൾ.

ഉത്തരവ്

ഗ്രാമവികസന വകുപ്പിനു കീഴിലുള്ള കണ്ണൂർ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ് അക്കൗണ്ടന്റ് ആയ ശ്രീ. ജി.ആർ. മണികണ്ഠന് പരാമർശം (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം കൊട്ടാരക്കരയിലെ കില-സി.എച്ച്. ആർ.ഡി.-യിൽ ഹോസ്റ്റൽ മാനേജർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമനം നല്കിയിരുന്നു. ശ്രീ. ജി.ആർ. മണികണ്ഠന്റെ അന്യത്രസേവന കാലാവധി 09.01.2019-ന് അവസാനിക്കുകയാണെന്നും ടി കാലാവധി ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് പരാമർശം (5) (6) എന്നിവ പ്രകാരം യഥാക്രമം ഗ്രാമവികസന കമ്മീഷണർ, കില ഡയറക്ടർ എന്നിവർ ശുപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പരാമർശം (2)- ലെ സർക്കാർ ഉത്തരവിന് അനുസൃതമായി, ഗ്രാമവികസന കമ്മീഷണർ, കില ഡയറക്ടർ എന്നിവരുടെ പരാമർശം (5),(6) ശുപാർശകളുടെ അടിസ്ഥാനത്തിൽ, കൊട്ടാരക്കര കില-സി.എച്ച്. ആർ.ഡി.-യിൽ ഹോസ്റ്റൽ മാനേജർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ഗ്രാമവികസന വകുപ്പിലെ കണ്ണൂർ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ് അക്കൗണ്ടന്റ് ആയ ശ്രീ. ജി.ആർ. മണികണ്ഠന്റെ അന്യത്ര സേവന കാലാവധി കേരള

സർവീസ് റൂൾസ് ഭാഗം 1, ചട്ടം 140 (C)-യിലെയും പരാമർശം (1)-ലെ പരിപത്രത്തിലെയും പരാമർശം (2)-ലെ ഉത്തരവിലെയും വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി 09.01.19 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നന്ദന ആർ പി**
**അണ്ടർ സെക്രട്ടറി**

ശ്രീ. ജി. ആർ. മണികണ്ഠൻ, ഹെഡ് അക്കൗണ്ടന്റ്,
( ഗ്രാമവികസന വകുപ്പ് കമ്മീഷണർ മുഖാന്തിരം)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
റീജിയണൽ ഡയറക്ടർ കില-സി.എച്ച്.ആർ.ഡി., കൊട്ടാരക്കര
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ/ജി.&ആർ.എസ്.എ./ജി.&എസ്.എസ്.എ.),
കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.